മെഷീൻ ഓപ്പറേറർ 2, കീ ബോർഡ് ഓപ്പറേറർ 1, ഇലക്ട്രീഷ്യൻ 1, ഇങ്ങനെ 63 പോസ്റ്റാണ് അവിടെ ഒഴിവുണ്ട്. രണ്ടു വർഷമായി ജീവനക്കാർക്ക് യൂണിഫോം കൊടുത്തിട്ട്. ഈ വക കാര്യങ്ങളും ശ്രദ്ധിക്കാൻ മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതിഎം. ടി. പത്മ): സർ, ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സ് സ്ഥാപിതമായത് 1960-ലാണ്. പ്രസ്സ് കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികളും ഇതിനകം ചെയ്തുകഴിഞ്ഞിട്ടുണ്ട്. മറ്റു ചില സർക്കാർ പ്രസ്സുകളുടെ കെട്ടിടങ്ങളെ അപേക്ഷിച്ച് ഷൊർണ്ണൂരിലെ പ്രസ്സ് കെട്ടിടം ഇപ്പോഴും സാമാന്യം നല്ല നിലയിലാണ്. ഗവൺമെൻറ് പ്രസ്സുകളുടെ നവീകരണത്തിൻെറ ഭാഗമായി ഈ പ്രസ്സിനുവേണ്ടി 20 ലക്ഷത്തിലധികം രൂപ വില വരുന്ന 2 പുതിയ ഓഫ്സെറ്റ് അച്ചടി യന്ത്രങ്ങളും വാങ്ങുന്നതിനും 4 ലക്ഷത്തിലധികം രൂപ വില വരുന്ന ആധുനിക ക്യാമറ യൂണിറ്റ് വാങ്ങുന്നതിനും സപ്ലൈ ഓർഡർ നൽകികഴിഞ്ഞിട്ടുണ്ട്. ഇത് ലഭിച്ചാൽ ഉടനെ പ്രസ്തുത പ്രസ്സിൽ അവ സ്ഥാപിക്കുന്നതാണ്. ഇപ്പോഴും സാമാന്യം നല്ല രീതിയിലാണ് ഈ പ്രസ് പ്രവർത്തിച്ചു വരുന്നത്. ഓഫ്സെറ്റ് അച്ചടിയന്ത്രം കൂടി പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങുന്നതോടുകൂടി പ്രസ്സിൻെറ പ്രവർത്തനം ഏറെക്കുറെ മെച്ചപ്പെടുത്താൻ സാധിക്കും. ക്വാർട്ടേഴ്സുകളുടെ സ്ഥിതി ശോചനീയമാണെന്ന് അദ്ദേഹം പറഞ്ഞു. കാര്യമായ അറ്റകുറ്റപ്പണികളും ചെയ്യാത്തതിനാൽ 63 വസതികളും താമസിക്കാൻ പറ്റാത്ത അവസ്ഥയാണ്. ക്വാർട്ടേഴ്സിൻെറ അറ്റകുറ്റപ്പണികളും ചെയ്യേണ്ടത് മരാമത്ത് വകുപ്പാണ്. 8-8-1994-ലെ ജി.ഒ.ആർ. ടി. 1224/94 ഉത്തരവ് പ്രകാരം ക്വാർട്ടേഴ്സിൻെറ അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകികഴിഞ്ഞു. അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുന്നതിനുവേണ്ടി കോൺട്രാക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. വസതികളുടെ അവസ്ഥ പരമ ദയനീയമാണെന്നും അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തുതീർക്കണമെന്നും ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്വാർട്ടേഴ്സിൻെറ അറ്റകുറ്റപ്രവൃത്തികളോടൊപ്പം ലാട്രിൻ സംവിധാനങ്ങളുടേയും ചുറ്റുമതിലിൻേറയും റോഡിൻേറയും പണികളും ചെയ്യുന്നതാണ്. വേക്കൻറായിട്ടുള്ള പോസ്റ്റുകൾ ഫില്ലപ്പ് ചെയ്യുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

(50) കാസർകോട് ജില്ലയിൽ ഗസറ്റുകൾ ലഭിക്കാനുള്ള കാലതാമസം

ശ്രീ. പി. രാഘവൻ: സർ, ഗസറ്റുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ കാസർകോട് ജില്ലയിൽ എത്തുന്നില്ല എന്നുള്ള പരാതി പല പ്രാവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. തല്സ്ഥാനത്തെ ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഗസറ്റുകൾ താമസിക്കുന്നത്. ഇതു സംബന്ധിച്ച് ഞാൻ പരാതി നൽകിയപ്പോൾ മുഖ്യമന്ത്രിയിൽനിന്നു കിട്ടിയ മറുപടി, അച്ചടിക്കാൻ താമസിച്ചതു കൊണ്ടാണ് കാസർകോഡ് ജില്ലയിൽ ഗസറ്റുകൾ കിട്ടാത്തതെന്നാണ്. എല്ലാ അച്ചടിയും ഒരുപോലെ അല്ലേ ചെയ്യുക? കാസർകോഡിനു മാത്രമായി അച്ചടിക്കുകയല്ലല്ലോ? പലപ്പോഴും ഉദ്യോഗത്തിനു അപേക്ഷക്ഷണിക്കുന്ന ഗസറ്റുകൾ അവിടെ താമസിച്ചാണ് കിട്ടുന്നത്. അതുമൂലം

LIBRARY ARCHIVES Kerala Legislative Assembly

കാസർകോഡ് ജില്ലക്കാർക്ക് ഉദ്യോഗത്തിന് അപേക്ഷിക്കാൻ സാധിക്കാതെ വരുന്നു. അപേക്ഷ നൽകേണ്ട അവസാന ദിവസത്തിന് ഒന്നോ രണ്ടോ ദിവസങ്ങൾക്ക് മുമ്പുമാത്രം ഗസറ്റുകൾ എത്തുന്നതിനാൽ ആവശ്യമായ മറ്റ് രേഖകൾ സഹിതം അപേക്ഷിക്കാൻ സാധിക്കാതെ വരുന്നു. ബോധപൂർവ്വമായിട്ട് ചില ഗൂഢശക്തികളുടെ പ്രേരണഫലമായിട്ടാണ് കാസർകോഡിലേക്ക് ഗസറ്റുകൾ എത്താത്തതെന്നാണ് പ്രധാനമായും പറയാനുള്ളത്. അത് പരിഹരിക്കാനാവശ്യമായ നടപടി എടുക്കണമെന്ന് ആവശ്യപ്പെടുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ): സർ, എല്ലാ മാസവും ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ നിയമസഭയുടേയും ബഡ്ജറ്റിന്റേയും അച്ചടിജോലി നിശ്ചിതസമയത്തിനുള്ളിൽ തീർക്കേണ്ടതായി വരുന്നുണ്ട്. കൂടാതെ ഒക്ടോബർ, നവംബർ മാസങ്ങളിൽ സർക്കാർ ഡയറി, കലണ്ടർ എന്നിവയുടെ ജോലികൾക്ക് പ്രാമുഖ്യം നൽകി അച്ചടി തീർക്കേണ്ടതായി വരുന്നുണ്ട്. അതുകാരണം മൂന്നും നാലും ഗസറ്റുകൾ വൈകി പ്രസിദ്ധീകരിക്കേണ്ടതായി വരുന്നുണ്ട്. കൂടാതെ ഗസറ്റുകൾ അയച്ചാൽ തന്നെയും തപാലിൽ ലഭിക്കുന്നതിന് മിക്കവാറും ഒരാഴ്ച യെങ്കിലും കാലതാമസം ഉണ്ടാകാറുണ്ട്. മുകളിൽപ്പറഞ്ഞ അത്യാവശ്യം ജോലികൾ നടക്കുമ്പോൾ ക്രമാനുഗതമായി 3, 4 ഗസറ്റുകളുടെ പ്രസിദ്ധീകരണത്തിനും വിതരണത്തിനും കാലതാമസം നേരിടുന്നു. പി. എസ്. സി. വിജ്ഞാപനങ്ങൾ നിശ്ചിത തീയതിയിലെ ഗസറ്റിലേക്ക് എന്നു നിജപ്പെടുത്തി എഴുതുന്നതും അവ അടുത്ത ഗസറ്റുകളിൽ ചേർത്തു പ്രസിദ്ധീകരിക്കേണ്ടിവരുന്നതും ഗസറ്റുകൾ വൈകുന്നതിന് മറ്റൊരു കാരണമാകുന്നു. ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ലഭിക്കുന്ന മാറ്ററുകളുടെ ബാഹുല്യം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ നിലവിലുള്ള പരിമിതികൾ എന്നിവ നിലനിൽക്കുമ്പോൾ തന്നെ ഗസറ്റുകൾ കൃത്യസമയത്ത് പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഗസറ്റുകൾ തപാൽമാർഗ്ഗം വിതരണം ചെയ്യുന്ന കാര്യത്തിൽ വടക്കൻ ജില്ലകൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകിവരുന്നത്. പ്രതിവാര ഗസറ്റുകളുടെ അച്ചടി, ബയൻറിംഗ്, പ്രസിദ്ധീകരണം, വിതരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാരും കാലതാമസം ഒഴിവാക്കി കൃത്യസമയത്ത്തന്നെ ഗസറ്റുകൾ വിതരണം ചെയ്യുന്നതിന് നടപടി എടുക്കണമെന്ന് വകുപ്പ് തലവൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാകയാൽ വിദൂരസ്ഥലങ്ങളിലേക്കുള്ള ഗസറ്റ് അയക്കുന്നതിന് ഒട്ടും കാലതാമസം വരുത്തരുതെന്ന് അച്ചടിവകുപ്പിന് ഗവൺമെന്റ് തലത്തിൽതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

(51) മൽസ്യബന്ധനത്തിനുള്ള റേഷൻ മണ്ണെണ്ണ നിർത്തലാക്കിയതു സംബന്ധിച്ച്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, കേരളത്തിൽ ചീനവല ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കുള്ള റേഷൻ മണ്ണെണ്ണ വിതരണം കഴിഞ്ഞ 9 മാസമായി നിർത്തിവച്ചിരിക്കുകയാണ്. ഫിഷറീസ് വകുപ്പിന്റെ ലൈസൻസുള്ളവർക്കാണ് സിവിൽ സപ്ലൈസ്

LIBRARY ARCHIVES Kerala Legislative Assembly